# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ. **168/2026** തിരുവനന്തപുരം, തീയതി: **10/08/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല

### ബിരുദ /ബിരുദാനന്തര ബിരുദ  പ്രവേശനം - 2026

### സപ്ലിമെന്ററി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സ്പോർട്സ് ക്വാട്ട  അഡ്മിഷൻ സർട്ടിഫിക്കറ്റ്  പുനഃപരിശോധനക്ക് അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലെ സപ്ലിമെന്ററി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് അപേക്ഷാ നമ്പറും പാസ്സ് വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത്  വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

**സർട്ടിഫിക്കറ്റ് "Reject" ആയ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ് ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 12.08.2026 വരെ പ്രൊഫൈലിൽ അപ് ലോഡ്  ചെയ്യാവുന്നതാണ്.**

നിശ്ചിത സമയത്തിനുള്ളിൽ  ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. **12.08.2026 ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.** പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

<u>വിശദവിവരങ്ങൾക്ക്</u>

വെബ്സൈറ്റ് ലിങ്ക് : https://admissions.keralauniversity.ac.in/
ഹെൽപ്പ് ലൈൻ നമ്പർ : 8281883052 ( Whatsapp also)
ഇ-മെയിൽ : ach@keralauniversity.ac.in

## <u>കേരള സർവകലാശാല</u>: <u>ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം- 2026</u>

## <u>സ്പോട്ട് അലോട്ട്മെന്റ്</u>

<u>ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 13 നും</u>

<u>കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 14 നും തിരുവനന്തപുരം</u>

<u>മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 17 & 18 തീയതികളിലും.</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
| --- | --- | --- | --- |
| ആലപ്പുഴ | ആഗസ്റ്റ് 13 | എല്ലാ പ്രോഗ്രാമുകളും | മാർ ഗ്രിഗോറിയസ് കോളേജ് , പുന്നപ്ര |
| കൊല്ലം | ആഗസ്റ്റ് 14 | എല്ലാ പ്രോഗ്രാമുകളും | എസ്. എൻ കോളേജ്, കൊല്ലം. |
| തിരുവനന്തപുരം | ആഗസ്റ്റ് 17 | All MSc and MCom Programmes | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | ആഗസ്റ്റ് 18 | All MA ,MSW MTTM, etc Programmes | |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8.30മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ യഥാസമയം ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും (Degree Marklist), സ്പെഷ്യൽ വെയ്റ്റേജ് സർട്ടിഫിക്കറ്റ് (NSS,NCC) സംവരണ സീറ്റുകൾക്ക് അർഹമായ രേഖകൾ (Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates, EWS Certificate

for EWS Candidates, Medical Board Certificate/Permanant Disability Card for PWD candidates ) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ/പകർപ്പുകൾ ഉണ്ടായിരിക്കണം. ഇതര സർവകലാശാലകളിൽ നിന്നും യോഗ്യത ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത പി ജി കോഴ്സ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ/ തുല്യത സർട്ടിഫിക്കറ്റിന്റെ (Equivalency / Eligibility Certificate) അസ്സൽ/ പകർപ്പ് ഹാജരാക്കേണ്ടതാണ്.

മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പക്ടസ് പേജ് നം. 70 കാണുക) ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 200/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1430/- രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ് സൈറ്റിൽ (https://admissions.keralauniversity.ac.in/pg2026) പ്രസിദ്ധീകരിക്കുന്നതാണ്.

NOTE: മറ്റു മേഖലകളിലെ (കൊല്ലം,ആലപ്പുഴ ) ജനറൽ സ്പോട്ട് -നു ശേഷം ഒഴിവു വരുന്ന സീറ്റുകൾ തിരുവനന്തപുരം സെന്ററിൽ നികത്തുന്നതായിരിക്കും.

## കേരളസർവകലാശാലയിൽ 2026- 27 അധ്യയനവർഷത്തേക്കുള്ള ബിരുദാനന്തര ബിരുദ (PG) പ്രവേശനത്തിന് രജിസ്റ്റർ ചെയ്യാൻ അവസാന അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി സെന്ററുകളിലും 2026-27 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഇതുവരെയും അപേക്ഷിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് സ്പോട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ

വേണ്ടി രജിസ്റ്റർ ചെയ്യാനുള്ള അവസാന അവസരം. 2026 ഓഗസ്റ്റ് 18 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്:**

അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടപടികളിലേക്ക് കടക്കുക.

വെബ്സൈറ്റ് ലിങ്ക് : https://admissions.keralauniversity.ac.in/pg2026
ഹെൽപ്പ് ലൈൻ നമ്പർ : 8281883052 ( Whatsapp also)
ഇ-മെയിൽ : ach@keralauniversity.ac.in

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയിലെ ജർമ്മൻ പഠനവിഭാഗം നടത്തുന്ന ജർമ്മൻA2 (Deutsch A2) ഹ്രസ്വകാല കോഴ്സിനായി അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : പ്ലസ്ടു & ജർമ്മൻA1/തത്തുല്യയോഗ്യത, കോഴ്സ്ഫീസ് : 9000/-, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം : 7.30 am - 9.00 am (തിങ്കൾ മുതൽ വെള്ളി വരെ), ആകെ സീറ്റുകൾ : 30, മിനിമം അപേക്ഷകൾ: 10, അപേക്ഷാഫീസ് 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- (തുക യൂണിവേഴ്സിറ്റി ക്യാഷ്കൗണ്ടറിലോ ഓൺലൈൻ മുഖേനയോ അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം ജർമ്മൻ വിഭാഗത്തിന്റെ (University) വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുവുന്നതാണ് (https://keralauniversity.ac.in/german). പൂരിപ്പിച്ച അപേക്ഷകൾ 2026 ആഗസ്റ്റ് 31 ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി പാളയം ക്യാമ്പസിലെ സെനറ്റ്ഹൗസിൽ പ്രവർത്തിക്കുന്ന ജർമ്മൻ പഠനവിഭാഗത്തിൽ സമർപ്പിക്കണം.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ആഗസ്റ്റ് മാസം ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (2022 സ്കീം റെഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കമ്മ്യൂണിക്കേറ്റീവ് അറബിക് - സീറ്റൊഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ പഠനം) പതിനേഴാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകളുടെ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു / തത്തുല്യം. ഫീസ് : 6500 രൂപ. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് (www.arabicku.in) സന്ദർശിക്കുക. അവസാന തീയതി: 2026 ആഗസ്റ്റ് 20. വിവരങ്ങൾക്ക്: 9446827141

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*****9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**